## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2182 | 06.02.2019 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാശിശുക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) വനിതാശിശുക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിൽ നീക്കി വച്ച തുക, ചെലവഴിച്ച തുക, ബാക്കിയുള്ള തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) വനിതാ ശിശു വികസന വകുപ്പിന്റെ ആകെ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം നീക്കി വച്ച തുക 93288.21 ലക്ഷം രൂപയാണ്. എന്നാൽ പ്രളയാനന്തരം പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയതിന്റെ ഭാഗമായി നിലവിലെ ബഡ്ജറ്റ് വിഹിതം 91868.21 ലക്ഷം രൂപയാണ്.<br>നാളിതുവരെ ചെലവഴിച്ച തുക : 51773.77 ലക്ഷം രൂപ<br>ബാക്കിയുള്ള തുക : 40094.44 ലക്ഷം രൂപ |
| ബി) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുവാനും സ്ത്രീ സമത്വം ഉറപ്പിയ്ക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീ സമത്വം ഉറപ്പാക്കുന്നതിനുമായി വകുപ്പിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയായ സധൈര്യം മുന്നോട്ട് എന്ന ക്യാമ്പയിന്റെ ഭാഗമായി വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ചു കൊണ്ട് സംസ്ഥാനതല പരിപാടി 10.12.2018 ന് തിരുവനന്തപുരത്ത് നടത്തുകയും ജില്ലാ തലത്തിൽ അന്നേ ദിവസം "സ്ത്രീ ആർത്തവം, പൗരാവകാശം"എന്ന വിഷയം സംബന്ധിച്ച് ക്യാമ്പസുകൾ, പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ നടത്തുകയും ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ഭരണഘടനയുടെ ആമുഖം, മൗലികാവകാശം എന്നിവ പ്രിന്റ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 6,50,000/- രൂപയും സംസ്ഥാനതല പരിപാടകൾക്കായി 5,25,700/- രൂപയും |

| | |
|---|---|
| | ഉൾപ്പെടെ ആകെ 11,75,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) നടപ്പ വർഷം അട്ടപ്പാടിയിലെ ശിശുമരണം തടയുന്നതിനും ആദിവാസിമേഖലയിലെ വനിതാശിശുക്ഷേമത്തിനുമായി വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | സി) അട്ടപ്പാടിയിലെ ശിശുമരണം തടയുന്നതിനും ആദിവാസി മേഖലയിലെ വനിതാ ശിശു ക്ഷേമത്തിനുമായി പ്രഥമ സഹസ്ര ദിനങ്ങൾ, കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായനി) ജാതക്-ജനനി എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടേയും അവയ്ക്കായി നടപ്പ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു<br><br>1. <u>ആദ്യ 1000 ദിന പരിപാടി</u><br><br>ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതിനാൽ ഈ ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനായി ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി യുവജനങ്ങൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്, ആരോഗ്യമുള്ള കുഞ്ഞിനായി സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പഞ്ചായത്ത് തലത്തിൽ 3 മാസത്തിലൊരിക്കൽ ഗർഭിണികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ഗർഭിണികളുടെ തൂക്കം. BP എന്നിവ പരിശോധിക്കുന്നതിനോടൊപ്പം പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾ IFA ഗുളികകൾ, പ്രസവം സംബന്ധിച്ച ബ്രൊഷറുകൾ, മുലയൂട്ടലിന്റെ പ്രാധാന്യം സംബന്ധിച്ച ബുക്ക് ലെറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം 1,08,000/- അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2. <u>കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായിനി)</u><br><br>അട്ടപ്പാടിയിലെ ഊരുകളിൽ നിർമ്മിച്ച പാചകപ്പുരയിൽ ഭക്ഷണം പാകം ചെയ്ത് ICDS ഗുണഭോക്താക്കൾക്കും |

| | |
|---|---|
| | ഭിന്നശേഷിയുള്ളവർക്കും കിടപ്പിലായവർക്കും വൃദ്ധർക്കും നൽകി വരുന്നു. നടപ്പ സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 6 കോടി രൂപ ചെലവഴിച്ചു.<br>3. ജാതക് ജനനി<br>'ജാതക്' എന്ന സോഫ്റ്റ് വെയർ വഴി കുഞ്ഞുങ്ങളുടെയും 'ജനനി' എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗർഭിണികളായ സ്ത്രീകളുടെയും പോഷണം ആരോഗ്യം എന്നിവ തൽസമയ നിരീക്ഷണത്തിന് വിധേയമാക്കി ആവശ്യമായ ഇടപെടലുകൾ നടത്തുകയാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നടപ്പ സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 37.83 ലക്ഷം രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ